**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5065 | | 28.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ശുചിത്വ മിഷൻ പദ്ധതികൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേരള സംസ്ഥാന ശുചിത്വ മിഷന്റെ കീഴിലുള്ള പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ശുചിത്വകേരളം (നഗരം, ഗ്രാമം) കേന്ദ്രാവിഷ്കൃത പദ്ധതികകളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), സ്വച്ഛ് ഭാരത് മിഷൻ (നഗരം), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ (ILCS) മുതലായവയാണ് ശുചിത്വമിഷന്റെ കീഴിലുള്ള പ്രധാന പദ്ധതികൾ |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | മാലിന്യമുക്തകേരളം എന്ന ബൃഹത്തായ കർമ്മപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക-ഭാഗിക സാമ്പത്തിക സഹായം നൽകുന്നതിനും ഗ്രാമ-നഗര വ്യത്യാസമില്ലാതെ വിവിധ ശുചിത്വ ഘടകങ്ങൾ സാങ്കേതിക മേന്മയോടെ നടപ്പാക്കി സംസ്ഥാനത്തിന്റെ ആരോഗ്യ-പരിസ്ഥിതി നേട്ടം മെച്ചപ്പെടുത്തുന്നതിനുമാണ് തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. മിഷന്റെ സേവനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഗ്രാമീണ മേഖലയിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള വ്യക്തിഗത കക്കൂസ്, സാമൂഹ്യ ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിറ്ററി മാർട്ടുകൾ, സ്വയം സഹായ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഖരദ്രവ മാലിന്യ പ്രോജക്ടുകൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് പരിപാടിയുടെ നടത്തിപ്പ്.<br>2. ഖരമാലിന്യ സംസ്കരണമുൾപ്പെടെയുള്ള ശുചിത്വ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിദഗ്ധ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കൽ<br>3. ശുചിത്വ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അഭിപ്രായം/ അനുമതി നൽകൽ<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴി സാമ്പത്തിക സഹായം ലഭ്യമാക്കാൻ കഴിയാത്ത നഗരപ്രദേശങ്ങളിലെ ഖര മാലിന്യ പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ആനുപാതികമായി സാമ്പത്തിക വിഹിതം നൽകൽ.<br>5. ആധുനിക അറവുശാലകൾ ഉണ്ടാക്കാനുള്ള സാങ്കേതിക സഹായം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ |

| | | | |
|---|---|---|---|
| | | | 6. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക-ഭാഗിക സാമ്പത്തിക സഹായം ലഭ്യമാക്കൽ<br>7. മനുഷ്യവിസർജ്യത്തിന്റെ നിർമ്മാർജ്ജനം, ഖര മാലിന്യ പരിപാലനം, ദ്രവ മാലിന്യ പരിപാലനം, കുടിവെള്ള സുരക്ഷാ ഗാർഹിക ശുചിത്വം, വ്യക്തി ശുചിത്വം, പൊതുപരിസര ശുചിത്വം ഇവ ഉറപ്പാക്കുന്നതിനുള്ള വിപുലമായ പ്രചരണ-പരിശീലന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.<br>8. ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളുമായി/ വകുപ്പുകളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂട്ടി യോജിപ്പിക്കൽ.<br>9. ശുചിത്വ പ്രോജക്ടുകളുടെ ഇവാല്യു വേഷൻ പഠനവും റിപ്പോർട്ടിംഗും.<br>10. ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രോത്സാഹനവും പ്രേരണയും സാമ്പത്തിക സഹായവും ലഭ്യമാക്കുക<br>11. ജില്ലാതലത്തിൽ സെപ്റ്റേജ് മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുക |
| (സി) | അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതു വഴി പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഒരു ശുചിത്വ സംസ്കാരം വാർത്തെടുക്കുന്നതിനും ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | അജൈവ മാലിന്യ മേഖലയിൽ അവ ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനം ശുചിത്വ മിഷൻ സ്വീകരിച്ചുവരുന്നുണ്ട്. അജൈവ മാലിന്യം ശേഖരിച്ച് താൽക്കാലികമായി സംഭരിക്കപ്പെടുന്നതിനും പുന:ചംക്രമണത്തിനായി കൈമാറുന്നതിനുമായുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ/റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനു വേണ്ട പ്രോത്സാഹനവും നൽകുന്നുണ്ട്. ഇതു മൂലം പൊതു സ്ഥലത്ത് അജൈവ മാലിന്യം കുന്നു കൂടുന്നത് തടയുവാൻ കഴിയുന്നുണ്ട്.<br>പ്രധാനപ്പെട്ട പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപടിക്രമം സ്വീകരിച്ചു കൊണ്ട് നടപ്പിലാക്കുന്നതിന് വേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ ശുചിത്വ മിഷൻ രൂപം നൽകുകയും ഇക്കഴിഞ്ഞ നാഷണൽ ഗെയിംസ്, സ്കൂൾ യുവജനോത്സവം, സ്കൂൾ ദേശീയ കായികമേള തുടങ്ങിയ പരിപാടികളിൽ വിജയകരമായി നടപ്പിലാക്കുകയും ഇതിന്റെ മാതൃകയിൽ സംസ്ഥാനത്താകെ ഉത്സവങ്ങളിലും മറ്റു മേളകളിലും (ഉദാഹരണം: ശബരിമല, ആറ്റുകാൽ പൊങ്കാല, എടപ്പാൾ അതിരാത്രം) ഈ പ്രവർത്തനം നടപ്പിലാക്കുന്നു. അതു പോലെ സംസ്ഥാനത്തെ പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് കൊണ്ട് ശാസ്ത്രീയമായി ജൈവമാലിന്യം സംസ്ക്കരിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മനോഭാവ മാറ്റത്തിനുവേണ്ട പരിശീലനവും നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | (ഉദാ. കേരള നിയമസഭാ സെക്രട്ടറിയേറ്റ്, സ്വരാജ് ഭവൻ, സംസ്ഥാന സെക്രട്ടറിയേറ്റ്, രാജ്ഭവൻ) ഈ പ്രവർത്തനം ക്രമേണ വ്യാപിപ്പിക്കും. ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിന്റെ ഭാഗമായി പൊതുജനങ്ങളിൽ ആരോഗ്യസുരക്ഷ -പരിസ്ഥിതി സുരക്ഷാ ബോധം ഉറപ്പാക്കുന്നതിനും അനുകൂല മനോഭാവ രൂപീകരണത്തിനുമായി ബൃഹത്തായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു. മുൻപറഞ്ഞ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കുന്ന നടപടികൾ എടുക്കുകയും മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയും ചെയ്യുകയാണ്. |

സെക്ഷൻ ഓഫീസർ